പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.3850

21.06.2018 ൽ
മറുപടിയ്ക്ക്

## യുവജനക്ഷേമം

**ചോദ്യം**
ശ്രീ.വി.അബ്ദുറഹിമാൻ

**മറുപടി**
എ.സി. മൊയ്തീൻ
(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | കായിക യുവജനകാര്യ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, യുവജനകമ്മീഷൻ എന്നിവ മുഖേന യുവജനങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനും അവരെ ശാക്തീകരിച്ച് അവരുടെ കഴിവും കാര്യപ്രാപ്തിയും വിവിധമേഖലകളിലേക്ക് തിരിച്ചു വിടുന്ന പ്രവർത്തനങ്ങളുമാണ് കൈക്കൊണ്ടു വരുന്നത്.<br>കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തന ലക്ഷ്യം. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ കലാ സാഹിത്യ കായിക രംഗങ്ങളിൽ നിരവധി പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. പ്രധാനമായും കേരളോത്സവം, നാടകോത്സവം, ദേശീയ നാടൻകലാമേള, ചിത്രകലാക്യാമ്പ്, ഇന്റർ നാഷണൽ ഡാൻസ് ഫെസ്റ്റിവൽ, വനിതാ കാർട്ടൂൺ ക്യാമ്പ്, അഭിപ്രായ സ്വാതന്ത്ര്യത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും ഊന്നൽ നൽകിക്കൊണ്ടുള്ള ആർട്ട് ഡി ടൂർ മുതലായവ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്നു. ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവത്ക്കരണ പരിപാടികൾ, ആരോഗ്യ സംരക്ഷണ ക്യാമ്പയിനുകൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, പി.എസ്.സി പരീക്ഷാ പരിശീലനം, തൊഴിൽ പരിശീലനം, ജോബ്ഫെസ്റ്റ് എന്നിവയും സംഘടിപ്പിക്കുന്നു. ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേവികുളം ദേശീയ അഡ്വഞ്ചർ അക്കാഡമി, കണ്ണൂർ മുഴപ്പിലങ്ങാട് സാഹസിക അക്കാഡമി എന്നിവ മുഖാന്തിരം യുവാക്കളിൽ സാഹസികത വളർത്തുന്നതിനുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | യുവജനങ്ങൾക്കു വേണ്ടി യൂത്ത് അവാർഡ് സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ചെറുഗ്രാമങ്ങൾ, പട്ടികജാതി-പട്ടിക വർഗ്ഗ കോളനികൾ, തീരദേശ മേഖലകൾ, മലയോര പ്രദേശങ്ങൾ എന്നീ മേഖലകളിലെ യുവാക്കളെ ഉൾപ്പെടുത്തി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവാക്ലബ്ബുകൾ രൂപീകരിച്ച് വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു.<br>കേരള സംസ്ഥാന യുവജന കമ്മീഷൻ താഴെ പറയുന്ന പദ്ധതി പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>1. കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലുമുള്ള ബോധവത്ക്കരണ പരിപാടികൾ<br>2. അദാലത്ത്/ഹിയറിംഗ്<br>3. ദേശീയ സെമിനാർ/ജില്ലാതല സെമിനാറുകൾ/ സിമ്പോസിയം, ശില്പശാല<br>4. യൂത്ത് ഐക്കൺ പദ്ധതി<br>5. പാർശ്വവത്കൃതയുവജനങ്ങളുടെ ശാക്തീകരണം/ ആരോഗ്യപരിപാലനം<br>6. യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ<br>7. സാംസ്കാരിക വിനിമയ പദ്ധതി<br>8. ഫെസിലിറ്റേഷൻ പ്രോഗ്രാം<br>എ) മഹിളാമന്ദിരനിവാസികളായ സ്ത്രീകൾക്കുള്ള പരിശീലനം<br>ബി) ഗ്രീൻ യൂത്ത് പദ്ധതി<br>സി) വിർച്ചൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്<br>9. ദേശീയ യുവജനദിനം |
| ബി) | യുവജനങ്ങളുടെ തൊഴിൽ സാധ്യതയ്ക്കും ക്ഷേമത്തിനുമായി ഭാവിയിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശി- ക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | യുവജനങ്ങളുടെ തൊഴിൽ സാധ്യതയ്ക്കും ക്ഷേമത്തിനുമായി 2018-19 സാമ്പത്തിക വർഷം പി.എസ്.സി പരിശീലനം, സംരംഭകത്വ വികസന സെമിനാർ, തൊഴിൽ പരിശീലനം എന്നിവ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ഒരു ജോബ് ഫെസ്റ്റും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**